LIBRARY ARCHIVES Kerala Legislative Assembly

പാപ്പനംകോട് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ

59 (404) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജകമണ്ഡലത്തിലെ പൂജപ്പുര ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് പാപ്പനംകോട് കേന്ദ്രമായി ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ഏതെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ആയതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) പൂജപ്പുര ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച്, പാപ്പനംകോട് കേന്ദ്രമാക്കി ഒരു പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിവേദനം ലഭിച്ചിരുന്നു. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി (25,000 ഉപഭോക്താക്കൾ/50 ചതുരശ്ര കി.മീ. അഥവാ 20,000 ഉപഭോക്താക്കൾ/100ചതുരശ്ര കി.മീ.) പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചുവരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ പൂജപ്പുര സെക്ഷൻ ഓഫീസ് വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ ജ്യോതി യോജന

60 (405) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ കേന്ദ്ര സർക്കാർ ദീൻദയാൽ ഉപധ്യായ ഗ്രാമ ജ്യോതി യോജന എന്ന പേരിൽ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ ;

(സി) ഈ സ്കീമിൽ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് ചെയ്യേണ്ടത് എന്നും ആരെയാണ് പദ്ധതി നിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ളത് എന്നും വിശദമാക്കുമോ ;